## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026 ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചു ഉത്തരവാകുന്നു

പരാമർശം:- 1)സ.ഉ (പി ) നം. 03/ 2017/ ഉ. ഭ .പ .വ തീയതി 25.02.2017
2)സ.ഉ.(സാധാ) നം.1097/2026/H&FWD തീയതി: 14-03-2026
3)സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026
4)സർക്കുലർ നം. ഇ.എച്ച് 1- 31371/2025/ആ.വ.ഡ തീയതി 13.04.2026
5)ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ

**ഉത്തരവ് നം:DHS/10953/2026-ER1 തീയതി: 29-05-2026**

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2026 ലെ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ 2026 ലെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ നിന്നും അർഹരായവർ ഉള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലെ അപേക്ഷകരെ 2026 ലെ പൊതുസ്ഥലമാറ്റത്തിന് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുന്നു.

മേൽ തീരുമാനത്തിൽ പരാതി/ആക്ഷേപം ഉള്ളവർ ഹർജി തയാറാക്കി സ്ഥാപന മേധാവി മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് **02.06.2026** ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ചു അഭിപ്രായക്കുറിപ്പ് സഹിതം **05.06.2026** ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ **dhsersection@gmail.com** എന്ന **Email** വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കു ശേഷം ലഭിക്കുന്ന ഹർജികൾ പരിഗണിക്കുന്നതല്ല.

Digitally signed by
Reena K J
Date: 29-05-2026
14:34:44

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1)ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. ഫയൽ/ കരുതൽ ഫയൽ